## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5773 — 29.07.2015-ന് മറുപടിക്ക്

### കസ്തൂരി രംഗൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ എന്തെല്ലാം കാര്യങ്ങളാണ് കേരള സർക്കാർ സമർപ്പിക്കേണ്ടിയിരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) 10.03.2014-ലെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപന പ്രകാരം സംസ്ഥാനത്ത് 123 വില്ലേജുകളിലായുള്ള 9993.7 ച.കി.മീ. പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി വിവരണ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുത്ത വില്ലേജുകളിൽ നേരിട്ടു പരിശോധന നടത്തിയ ശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ വേണ്ടിയാണ് ടി റിപ്പോർട്ട് ആവശ്യപ്പെട്ടത്. |
| (ബി) അത്തരം വിവരങ്ങൾ എല്ലാം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ബി) മേൽ കാണിച്ച പ്രകാരമുള്ള റിപ്പോർട്ട് ഉടൻതന്നെ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ